# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LI - JK 17 2018 MAY 12 No. 5


## PASTORAL LETTER

# കുടുംബം:
# വിശ്വാസ പരിശീലനത്തിന്റെ പ്രഥമവേദി

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷത്തെ വരാപ്പുഴ അതിരൂപത മതബോധന കമ്മീഷന്റെ ആപ്തവാക്യം ''കുടുംബം: വിശ്വാസ പരിശീലനത്തിന്റെ പ്രഥമവേദി'' എന്നാണ്. നമുക്ക് കൈമോശം വന്ന ഗാർഹിക മതബോധനം എന്ന നല്ല ആ പാരമ്പര്യത്തിലേക്കുള്ള ഒരു മടക്കയാത്രയാണിവിടെ ഉദ്ദേശിക്കുന്നത്. ''ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് കഴിയുന്നു.'' (Amoris laetitia,227) വളരെ അർത്ഥവത്തായ സന്ദേശം പേറുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളാണിത്. മതബോധനത്തിന്റെ പ്രഥമവേദി കുടുംബം ആണെങ്കിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു ചൊല്ലുന്ന കുടുംബപ്രാർത്ഥനയാണ് മക്കൾക്ക് നൽകാവുന്ന ഏറ്റവും ഫലപ്രദമായ മതബോധന ക്ലാസ്. ''പ്രാർത്ഥനാ സമയത്ത് എന്റെ പിതാവിന്റെ മുഖം ദൈവദൂതന്മാരുടേതു പോലെ തേജസ്സുറ്റതായി കാണപ്പെട്ടിരുന്നു.'' വി. കൊച്ചുത്രേസ്യ തന്റെ പിതാവായ ലൂയി മാർട്ടിനെക്കുറിച്ച് എഴുതിയിട്ടുള്ള വാക്കുളാണിവ. നമ്മുടെ ഓരോ കുടുംബത്തിലെയും

അനുദിന പ്രാർത്ഥനാ മുറികൾ നമ്മുടെ മക്കളെ വിശുദ്ധിയിലേക്ക് കൈപിടിച്ചു നടത്തുന്ന മതബോധനക്ലാസ് മുറികളായി പരിണമിക്കട്ടെ എന്നാശംസിക്കുന്നു.

## കുടുംബം:
## ഗാർഹിക സഭയും, വിശ്വാസപരിശീലനത്തിന്റെ പ്രഥമ വേദിയും, ഒരു കൂട്ടായ്മയും

വിശ്വാസപരിശീലനം തിരുസഭയുടെ പരമപ്രധാന കർത്തവ്യങ്ങളിലൊന്നാണ്. കാരണം സഭ അവളുടെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. കുടുംബം വിശ്വാസപരിശീലനത്തിന്റെ പ്രഥമ വേദിയാണ്. കുടുംബത്തെ ഗാർഹികസഭയെന്നും, ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയെന്നുമൊക്കെയാണ് വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചത്. കുടുംബത്തിലെ മതബോധകർ, മാതാപിതാക്കൾ തന്നെയാണ്. സഭയുടെ ഏറ്റവും ചെറിയ പതിപ്പാണ് കുടുംബം. അതിനാൽ സഭ എന്തായിരിക്കുന്നുവോ അതായിരിക്കണം ക്രൈസ്തവ കുടുംബം. സഭ വിശ്വസിക്കുന്നവരുടെ സമൂഹമാണ്. അതുപോലെ കുടുംബവും വിശ്വസിക്കുന്നവരുടെ സമൂഹമാണ്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ക്രൈസ്തവ കുടുംബത്തിന്റെ അടിത്തറ. വിശ്വസിക്കുന്നവർ ദൈവത്തിൽ ആശ്രയിച്ചു ജീവിക്കാനും അഭ്യസിക്കണം. "വിശ്വാസത്തിന്റെ അനുസരണം" (റോമാ 16:26) നൽകാൻ വിളിക്കപ്പെട്ടിട്ടുള്ളവരാണ് കൈസ്തവ മാതാപിതാക്കളും ദമ്പതികളും എന്ന പരമാർത്ഥം വിസ്മരിച്ചു കൂടാ. വിശ്വസിക്കാൻ മാത്രമല്ല, ആ വിശ്വാസത്തിന് അനുസരിച്ച് ജീവിക്കാനും ആവശ്യസന്ദർഭങ്ങളിൽ വിശ്വാസം ഏറ്റുപറയാനും കുടുംബാംഗങ്ങൾ തയ്യാറാവണം. വിശ്വാസം ജീവിച്ചു കാണിക്കുന്ന കുടുംബത്തിൽ ക്രിസ്തീയ അവബോധം ഉണ്ടാവുക എളുപ്പമാണ്.

എല്ലാം പൊതുവായി അനുഭവിക്കുന്നവരുടെ സ്നേഹസമൂഹത്തെയാണ് കൂട്ടായ്മ (Communion) എന്നതുകൊണ്ട് ഉദ്ദേശിക്കുക. ത്രീയേക ദൈവമാകുന്ന കൂട്ടായ്മയുടെ മാതൃകയിലാണ് സഭയാകുന്ന കൂട്ടായ്മയും നിലനിൽക്കുക. ദൈവത്തിന്റെ ജീവനിലും പ്രസാദവരത്തിലും പങ്കുപറ്റുന്ന സമൂഹമാണത്. പരസ്പരസ്നേഹത്തിലൂടെ ഒന്നായിത്തീരുന്ന ദമ്പതികളും അവരുടെ ജീവനാകുന്ന മക്കളും ചേരുമ്പോൾ കുടുംബം യഥാർത്ഥ കൂട്ടായ്മയായിമാറും.



## ഗാർഹിക മതബോധനം

മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് നൽകുന്ന വിശ്വാസ പരിശീലനമാണ് സാധാരണയായി കുടുംബ മതബോധനം എന്നറിയപ്പെടുന്നത്. കുടുംബത്തിലെ മതബോധനം ഒരിക്കലും പാഠ്യ പദ്ധതി അനുസരിച്ചുള്ളതല്ല, അത് ഔദ്യോഗികവുമല്ല. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ എന്താണെന്ന് പറയുന്നതിനേക്കാൾ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് ചൂണ്ടിക്കാണിക്കുന്നതിനാണ് ഇവിടെ മുൻതൂക്കം.

കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകകളും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത്. (LG, 11). 1975-ൽ പോൾ ആറാമൻ പാപ്പാ പുറപ്പെടുവിച്ച "സുവിശേഷ പ്രഘോഷണം" എന്ന ശ്ലൈഹീകബോധനത്തിലും ഇക്കാര്യം തറപ്പിച്ച് പറയുന്നുണ്ട്. "ഓരോ ക്രിസ്തീയ കുടുംബത്തിലും സഭ മുഴുവന്റെയും വിവിധ വശങ്ങൾ പ്രതിഫലിപ്പിക്കണം. സുവിശേഷാദർശം പ്രാവർത്തികമാക്കുന്നതിലും അതിൽ നിന്ന് ഉത്ഭവിക്കുന്ന സുവിശേഷ ദീപ്തി ലോകമെമ്പാടും വിതറുന്നതിലും സഭയെപ്പോലെ കുടുംബവും പ്രവർത്ത്യുന്മുഖമാകണം" (EN, 71).

തങ്ങളുടെ മക്കളെ ചെറുപ്രായം മുതൽ വിശ്വാസത്തിൽ പരിശീലിപ്പിക്കുക എന്നത് മാതാപിതാക്കളുടെ ചുമതലയാണ്. വിശ്വാസപ്രമാണങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ധാർമ്മിക നിയമങ്ങളും കൗദാശിക വിജ്ഞാനവും പ്രാർത്ഥനകളുമെല്ലാം കുടുംബത്തിൽ നിന്നാണ് കുട്ടികൾ പഠിച്ചു തുടങ്ങേണ്ടത്. ദൈവത്തെ ആരാധിക്കുന്നതോടൊപ്പം അയൽക്കാരെ സ്നേഹിക്കാനും കുഞ്ഞുങ്ങൾ അഭ്യസിക്കുന്നു. അഗാധമായ മനുഷ്യത്വത്തിന്റെ പഠനകളരിയെന്ന് കുടുംബത്തെ വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കാൻ കാരണമിതാണ്. (GS, 52)

മക്കൾക്ക് ഉചിതമായ വിദ്യാഭ്യാസം നൽകാൻ മാതാപിതാക്കൾക്ക് ഉത്തരവാദിത്വമുണ്ട്. അവർ തന്നെയാണ് തങ്ങളുടെ കുഞ്ഞുങ്ങളുടെ ആദ്യവിദ്യാദായകർ (GE, 3). എങ്ങനെയാണ് അവർ ഈ കടമ നിർവ്വഹിക്കുക. പരമപ്രധാനമായി അവരുടെ സൻമാർഗ്ഗ ജീവിതമാതൃക

വഴിയായിട്ടാണ് ഈ ദൗത്യം നിർവ്വഹിക്കേണ്ടത്. കുടുംബത്തിൽ സദാ സമയവും ക്രൈസ്തവ അന്തരീക്ഷം നിലനിർത്താൻ അവർ ശ്രദ്ധാലുക്കളാവണം. അവസരോചിതമായ ഉപദേശങ്ങൾ നൽകിക്കൊണ്ടാണ് പുതിയ കാര്യങ്ങൾ കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടത്.

കുടുംബത്തിലെ അംഗങ്ങൾ വിശ്വാസ വളർച്ചയിൽ പരസ്പരം സഹായിക്കുന്നതും കുടുംബമതബോധനത്തിന്റെ ഭാഗമാണ് എന്ന് ഞാൻ കരുതുന്നു. ഓരോ കുടുംബത്തിലെയും അംഗങ്ങൾ സുവിശേഷം പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമായി മാറുന്നു. വിശ്വാസ കാര്യങ്ങൾ പഠിക്കാൻ മാത്രമല്ല, സഭാജീവിതത്തിലെ സുപ്രധാന സംഭവങ്ങളുടെ അർത്ഥം വിശദീകരിക്കപ്പെടാനും കുടുംബവേദി പ്രയോജനപ്പെടുത്തണം. സഭാ ജീവിതം അന്ധമായി സഹിഷ്ണുത ഇല്ലാതെ വിമർശിക്കപ്പെടുന്ന അവസരങ്ങളും കൗദാശിക ജീവിതം പാടെ ഉപേക്ഷിക്കുന്ന ദുരവസ്ഥയും ഉണ്ടാകാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ ചെലുത്തണം എന്ന് ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിക്കുന്നു.

അപ്പസ്തോലികമായി എന്നിൽ നിക്ഷിപ്തമായിട്ടുള്ള സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ സഹകാരികളായി വർത്തിക്കുന്ന അതിരൂപത മതബോധന ഡയറക്ടർ, വിവിധ ഫൊറോന ഡയറക്ടർമാർ, വൈദികർ, സന്ന്യസ്തർ, സെമിനാരിവിദ്യാർത്ഥികൾ, പ്രൊമോട്ടർമാർ, പ്രധാനാധ്യാപകർ, അധ്യാപകർ എന്നിവരെ ഏറ്റം സ്നേഹത്തോടെ ഞാൻ അഭിനന്ദിക്കുകയും അനുഗ്രഹാശംസകൾ നേരുകയും ചെയ്യുന്നു.

മതാധ്യാപനം ഒരു വിളിയാണ്. എന്നാൽ ഒരു വെല്ലുവിളി അതിൽ ഉൾച്ചേർന്നിരിക്കുന്നു. മാതൃകാപരമായ ജീവിതം നയിക്കാനുള്ള വെല്ലുവിളി. കുട്ടികൾക്ക് പഠിക്കാൻ തുറന്ന പാഠപുസ്തകങ്ങളാകണം മതാധ്യാപകർ. എല്ലാ അധ്യാപകർക്കും അതിനു കഴിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഉപസംഹാരമായി പറയട്ടെ, വിശ്വാസ ജീവിതത്തിൽ വളരാൻ പര്യാപ്തമായ സാഹചര്യം കുടുംബത്തിൽ ഉണ്ടാകണം. റേഡിയോ, ടെലിവിഷൻ, പത്രമാസികകൾ, നവമാധ്യമങ്ങൾ എന്നിവയുടെ അതിപ്രസരം കുടുംബത്തിന്റെ പ്രാർത്ഥനാന്തരീക്ഷത്തെ മലിനപ്പെടുത്താനും കവർന്നെടുക്കാനും അനുവദിക്കരുത്. കുഞ്ഞുങ്ങൾക്ക് മാമ്മോദീസാ വേളയിൽ വിശുദ്ധരുടെ പേര് നൽകുകയും അവർ വളരുന്നതിനനുസരിച്ച് ആ വിശുദ്ധരുടെ വീരോചിത മാതൃകകൾ വിവരിച്ച് പ്രചോദിപ്പി



ക്കുകയും ചെയ്യുന്ന നല്ല പാരമ്പര്യം നിലനിർത്തണം. കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ വലിയ പങ്കുവഹിക്കുന്ന മതാധ്യാപകർ, പി.ടി.എ. അംഗങ്ങൾ എന്നിവരോട് തുറന്ന സമീപനം കാത്തുസൂക്ഷിക്കുകയും അവരുമായി നല്ല സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

കുട്ടികളാണ് എല്ലാ സമൂഹത്തിന്റെയും ശ്രദ്ധാകേന്ദ്രം. അവരിലാണ് ഏവരും പ്രതീക്ഷയർപ്പിക്കുന്നത്. അതിരൂപതയിലെ എല്ലാ കുട്ടികളും ബാലനായ യേശുവിനെപ്പോലെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2018 മെയ് 12-ാം തീയതി.

എറണാകുളം
12.05.2018

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2018 മെയ് 27-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## സർക്കുലർ – 15

# 52–ാം ലോക സമ്പർക്ക മാധ്യമദിനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*

*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷം മാധ്യമദിനം ഭാരതമൊട്ടാകെ ആഘോഷിക്കുന്നത് ജൂൺ 3–ാം തീയതി ഞായറാഴ്ചയാണ്. ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നല്കുന്ന സന്ദേശം ഇതോടൊപ്പം അയക്കുന്നു. **ഈ സന്ദേശത്തിലെ ആശയങ്ങൾ 2018 ജൂൺ 3–ാം തീയതി ദിവ്യബലി മദ്ധ്യേ സംക്ഷിപ്തമായി വിശ്വാസികളോട് പങ്കുവയ്ക്കേണ്ടതാണ്.**

വരാപ്പുഴ അതിരൂപതയുടെ മുഖപത്രമായ 'ജീവദീപ്തി' നമ്മുടെ എല്ലാ ഇടവകകളിലെയും പരമാവധി എല്ലാ വീടുകളിലും എത്തിക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്നും കേരള ലത്തീൻ കത്തോലിക്ക സഭയുടെ മാധ്യമശബ്ദമായ 'ജീവനാദ'ത്തിന്റെ പ്രചാരം വർദ്ധിപ്പിക്കാൻ പരിശ്രമിക്കണമെന്നും ഈ അവസരത്തിൽ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

മാധ്യമദിനത്തിലെ ദിവ്യബലി സമയത്ത് കെ.സി.ബി.സി മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി മാധ്യമദിന സ്തോത്രക്കാഴ്ച പതിവുപോലെ എടുക്കണമെന്നും ആ തുക അതിരൂപത കച്ചേരിയിൽ ഏൽപിക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2018 മെയ് 12–ാം തീയതി.

***✠ ജോസഫ് കളത്തിപ്പറമ്പിൽ***

വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത



### 52–ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

## വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4–16; 11:1–9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യാജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യ

മെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ പാപ്പാ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972-ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## 1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.



വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിത വികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

## 2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ തർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവു

മായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ



3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്ത

ത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

### 3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളിലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധി



ക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബന്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് - ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണി

ക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യ പൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങ ളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകു ന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പി ക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫല പൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറി യുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

## 4. സമാധാനമാണ് യഥാർത്ഥ വാർത്ത

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമ രതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനു ഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവൻ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാ രണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് - ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥ ത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തി ന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുക യെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെ ന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തു ന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്ന



ങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്ര വികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാ ക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാ ത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടു തൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അല റുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായി ട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണ ലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ<br>ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരി<br>ക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ<br>ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട്<br>സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ<br>വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:

ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.

ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.

സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.

പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.

പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.

ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.

മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.

ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.

അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**✠ ഫ്രാൻസിസ് പാപ്പാ**



**CIRCULAR - 16**

## ANNUAL RETREAT FOR PRIESTS

( July 15 - 27, 2018)

Dear Reverend Fathers,

The Annual Retreat for the priests of our Archdiocese will be conducted in Ashirbhavan, Ernakulam, as usual in two sessions in the order given below.

The first session of the retreat will begin in the evening of July 15 to 20, 2018 and the second in the evening of July 22 to July 27, 2018. **Rt. Rev. Dr. Thomas Tharayil, Auxiliary Bishop of Archdiocese of Changanacherry** has kindly consented to preach the retreat this year.

**Please note your name in the list and in case there is a serious reason for you to change from one batch to the other, please inform Archdiocesan Curia latest by June 30, 2018.**

The Rev. Parish Priests, who leave their parish for the annual retreat, during their absence, shall entrust the care of the parish either to the Assistant Priest, if there is one, or to the priests of the neighbouring parish. I hereby grant necessary faculties to such priests as far as they may need.

The Rev. Fathers may inform the faithful about the annual retreat of the clergy and exhort them to pray for the sanctification of their pastors and all the priests of the Archdiocese.

In accordance with Canon 958/2 the Mass intention books are to be inspected by the Ordinary. Hence all the Rev. Fathers are requested to present their Mass Diaries during the days of retreat for examination. Rev. Fathers whose faculties for hearing confessions expired are hereby reminded to get their faculties duly extended without any break.

With cordial blessings,

Ernakulam
12.05.2018

✠ **Joseph Kalathiparambil**
Archbishop of Verapoly

## ANNUAL RETREAT 2018

**July 15 - 20**

**First Batch**

1. Msgr. Mathew Kallinkal
2. Msgr. Ambrose Arackal
3. Msgr. Antony Kalathiveettil
4. Msgr. Joseph Thannikot
5. Msgr. Joseph Padiyaramparambil
6. Fr. Anil Antony Theruvil
7. Fr. Anton Oliparambil
8. Fr. Antony Bibu Kadamparambil
9. Fr. Antony Dominic Figarado
10. Fr. Antony Jibin Kaimaleth
11. Fr. Antony Karippatt
12. Fr. Antony Raphael Komaranchath
13. Fr. Antony Thoppil
14. Fr. Antony Valumkal
15. Fr. Antony Vellayil
16. Fr. Augustine Baiju Kuttikkal
17. Fr. Augustine Isaac Kurisinkal
18. Fr. Charles Lopez
19. Fr. Clement Valluvassery
20. Fr. Denny Palackaparambil
21. Fr. Dominic Kanappilly
22. Fr. Felix Chackalackal
23. Fr. Felix Chullickal
24. Fr. Fostin Fernandez Janmaparambil
25. Fr. Francis D'Silva



26. Fr. Francis Glanson Aruja
27. Fr. Francis Koikaranparambil
28. Fr. Francis Peediekal
29. Fr. Francis Xavier Dinoy Rebera Kaniyath
30. Fr. George Jithu Vattappilly
31. Fr. George Kuruppath
32. Fr. George Mangalath
33. Fr. George Mathirapilly
34. Fr. Jacob Pattarumadathil
35. Fr. JaisonVadassery
36. Fr. Jeen Felix Kattassery
37. Fr. Job Vazhakoottathil
38. Fr. Jobin Panikulam
39. Fr. Joby Alappatt
40. Fr. John Christopher Vadassery
41. Fr. Joji Kuthukatt
42. Fr. Jose Dominic Chooreparambil
43. Fr. Jose Thannipilly
44. Fr. Josemon George Pazhanilath
45. Fr. Joseph Biju Kalloor
46. Fr. Joseph Binu Pandaraparambil
47. Fr. Joseph Collins Elenjikal
48. Fr. Joseph Joshy Nedumparambil
49. Fr. Joseph Lixon Aswez
50. Fr. Joseph Oliparambil (Jr.)
51. Fr. Joseph Rajan Kizhavana
52. Fr. Joseph Sangeeth Adichiyil
53. Fr. Joseph Sherin Chemmayath

54. Fr. Joseph Thoppil
55. Fr. Joseph Vakayil
56. Fr. Joseph Vibin Choothamparambil
57. Fr. Judis Panakal
58. Fr. Justin Attullil
59. Fr. Lazer Sinto Thaiparambil
60. Fr. Leneesh Jose Manakil
61. Fr. Manuel Kuthukatt
62. Fr. Manuel Lopez
63. Fr. Martin Thaiparambil
64. Fr. Martin Azhikkakath
65. Fr. Marydas Kochery
66. Fr. Mathew Sojan Maliekal
67. Fr. Michael Thalakketty
68. Fr. Navin Thengapurackal
69. Fr. Norbin Pazhampilly
70. Fr. Paul Thundiyil
71. Fr. Paulson Kottiyath
72. Fr. Paulson Simethy
73. Fr. Peter Kochuveettil
74. Fr. Philip Shine Chilangara
75. Fr. Prasad Jose Kannapilly
76. Fr. Raphael Kalluveettil
77. Fr. Raymond Pallan
78. Fr. Rex Joseph Arakkaparambil
79. Fr. Robinson Panackal
80. Fr. Rockey Joslin Chakkalakkal
81. Fr. Rockey Kollamparambil



82. Fr. Rockey Thengapurackal
83. Fr. Rony Joseph Manakil
84. Fr. Sajeev Roy Thoundayil
85. Fr. Sebastian Karukappilly
86. Fr. Sebastian Moonukoottungal
87. Fr. Sebastian Vattaparambil
88. Fr. Sibi Choothamparambil
89. Fr. Stanley Mathirappilly
90. Fr. Stephen Alathara
91. Fr. Thomas Pulickal
92. Fr. Varghese Sojan Thoppil
93. Fr. Varghese Valiyaparambil
94. Fr. Vimal Francis Pandaraparambil
95. Fr. Vincent Naduvilaparambil
96. Fr. Xavier Sajan Padiyaramparambil
97. Fr. Xavier Sebastian Padiyaramparambil
98. Fr. Yesudas Pazhampilly
99. Fr. Zacharias Pavanathara

## ANNUAL RETREAT 2018

**July 22 - 27**

### Second Batch

1. Msgr. Mathew Elanjimattom
2. Msgr. Cletus Parambaloth
3. Msgr. Joseph Etturuthil
4. Msgr. Sebastian Luiz
5. Fr. Alex Chinganthara
6. Fr. Alex Kurisuparambil
7. Fr. Aloysius Thaiparambil
8. Fr. Alphonse Panakal
9. Fr. Alwin Paul Mattupurath
10. Fr. Antony Anand Mannalil
11. Fr. Antony Arackal (Jr)
12. Fr. Antony Arackal (Sr.)
13. Fr. Antony Cheriakadavil
14. Fr. Antony Hashbin Kadamparambil
15. Fr. Antony Kocherry
16. Fr. Antony Koppandussery
17. Fr. Antony Lijo Odathakal
18. Fr. Antony Mulloor
19. Fr. Antony Shine Kattuparambil
20. Fr. Antony Thomas Thyparambil
21. Fr. Antony Vibin Xavier Velikkakath
22. Fr. Augustine Laiju Kandanattuthara
23. Fr. Augustine Roshan Kalloor
24. Fr. Augustine Shelbin Variath
25. Fr. Benson George Alappatt



26. Fr. Bijoy Augustine Marottickal
27. Fr. Binil Sebastian Palliparambil
28. Fr. Denny Mathew Peringat
29. Fr. Douglas Pinheiro
30. Fr. Ebigin Arackal
31. Fr. Ebin Jos Variath
32. Fr. Francis Dixon Fernandez
33. Fr. Francis Manoj Marottickal
34. Fr. Francis Marottikaparambil
35. Fr. Francis Xavier Thannikaparambil
36. Fr. George Arackal
37. Fr. George Jobin Ourev
38. Fr. George Joseph Thoundayil
39. Fr. George Kalathiparambil
40. Fr. George Sequeira
41. Fr. George Vettaparambil
42. Fr. Gino George Kadungamparambil
43. Fr. Jacob Baiju Ben Pashniparambil
44. Fr. James Shaiju Thoppil
45. Fr. Jayan Payyappilly
46. Fr. Jenin Antony Marottiparambil
47. Fr. Jenson Livera Ithithara
48. Fr. Jerome Chamminikodath
49. Fr. Jibin George Mathirappilly
50. Fr. Jiju Cleetus Thiyadi
51. Fr. Job Kundony
52. Fr. John Capistan Lopez
53. Fr. John Kanakassery

54. Fr. John Palliparambil
55. Fr. Johnson D'Cunha
56. Fr. Jolly George Chackalackal
57. Fr. Jolly John Odathackal
58. Fr. Jolly Thappalodath
59. Fr. Joseph Antony Palliparambil
60. Fr. Joseph Biju Thattarassery
61. Fr. Joseph Chelat
62. Fr. Joseph Joy Mathirappilly
63. Fr. Joseph Karikkassery
64. Fr. Joseph Midhun Chemmayath
65. Fr. Joseph Panikkassery
66. Fr. Joseph Thattarassery
67. Fr. Koshy Mathew Chellath
68. Fr. Kurian Maraparambil
69. Fr. Mathew D'Cunha
70. Fr. Mathew Jomson Thottunkal
71. Fr. Merton D'Silva Malieckal
72. Fr. Michael D'Cruz Arakal
73. Fr. Patrick Elavunkal
74. Fr. Paul Nidhin Kuttissery
75. Fr. Peter Ambalathinkal
76. Fr. Philip Thaiparambil
77. Fr. Prince Xavier Kannothuparambil
78. Fr. Rajeev Jose Kainikat
79. Fr. Raphael Shinoj Arancherry
80. Fr. Rinoy Joy Kalathiparambil
81. Fr. Roshan Jacob Mulloor



82. Fr. Sabu Nedunilath
83. Fr. Saju Antony Mundempilly
84. Fr. Sebastian George Adichiyil
85. Fr. Sebastian Joby Aseethuparambil
86. Fr. Sebastian Oliparambil
87. Fr. Sebastian Sony Kalathil
88. Fr. Shine Pauly Kalathil
89. Fr. Sibi Varghese Thaiparambil
90. Fr. Sijo George Kurisummootil
91. Fr. Smijo George Kalathiparambil
92. Fr. Stephen Jose Mathachery
93. Fr. Thaddeus Babu Vavakatt
94. Fr. Thomas Bevin Kalloor
95. Fr. Thomas Chinganthara
96. Fr. Thomas Shobin Kuttikkatt
97. Fr. Tijo Thomas Kolothumveettil
98. Fr. Titus Antony Kurisuveettil
99. Fr. Vincent Variath

**NOTIFICATION - 8**

## TRANSFERS AND APPOINTMENTS

1. **Rev. Fr. Alwin Paul Mattupurath**
Asst. Parish Priest, St. Joseph's Church
Vadakekottavathil, Tripunithura - 682 301.

2. **Rev. Fr. Anil Antony Theruvil**
Asst. Parish Priest
St. Philomena's Church &
St. Kuriakose Elias Chavara Shrine
Koonammavu - 683 518

3. **Rev. Fr. Antony Hashbin Kadamparambil**
Asst. Parish Priest
St. Francis Assisi Cathedral, Ernakulam,
Cochin - 682 031

4. **Rev. Fr. Antony Jibin Kaimaleth**
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

5. **Rev. Fr. Antony Lijo Odathakal**
Priest in Charge,
St. Antony's Church & St. Joseph's Church,
Mulavukad

6. **Rev. Fr. Antony Shine Kattuparambil**
Parish Priest, Abhaya Matha Church
Vennala, Cochin - 682 028.
& Director , Commission for Proclamation

7. **Rev. Fr. Antony Thomas Thyparambil**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.



8. **Rev. Fr. Augustine Roshan Kalloor**
Asst. Parish Priest
Holy Family Church.
S. Chittoor, Cochin - 682 027.

9. **Rev. Fr. Benson George Alappatt**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

10. **Rev. Fr. Bevin Thomas Kalloor**
Asst. Parish Priest
St. George's Church Vadel,
Nayarambalam - 682 509

11. **Rev. Fr. Ebin Jos Variath**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom,
Vallarpadom, Cochin - 682 504

12. **Rev. Fr. Fostin Fernandez Janmaparambil**
Asst. Parish Priest,
Our Lady of Immaculate Conception Church
Koratty - 680 309.

13. **Rev. Fr. Francis Xavier Dinoy Rebera Kaniyath**
Asst. Parish Priest
St. George's Church
Perumanoor, Cochin - 682 016.

14. **Rev. Fr. George Jithu Vattappilly**
Asst. Parish Priest
St. Francis Xavier's Church,
Kaloor, Cochin - 682 017

15. **Rev. Fr. George Jobin Ourev**
Spl. Service, St. Joseph's Church, Cheppanam
& St. Joseph's Church, Sebanpuram

16. **Rev. Fr. George Sequeira**
Studies

17. **Rev. Fr. Jeen Felix Kattassery**
Asst. Parish Priest, Infant Jesus Church,
EKM, Cochin 682031 &
Administrator VIAS,
Asst. Director, Navadarsan
Director, ASWAS

18. **Rev. Fr. Jenin Antony Marottiparambil**
Priest in Charge
Our Lady of Health Church, Ponjassery

19. **Rev. Fr. Jobin Panikulam**
Asst. Parish Priest
St. Ambrose Church, Edavanakad - 682 502.

20. **Rev. Fr. Joby Alappatt**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad,
Thrikkakara, Cochin - 682 021.
& Associate Director, KCSL

21. **Rev. Fr. Jose Dominic Chooreparambil**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019.

22. **Rev. Fr. Josemon George Pazhanilath**
Studies

23. **Rev. Fr. Joseph Vibin Choothamparambil**
Studies



24. **Rev. Fr. Koshy Mathew Chellath**
Asst. Parish Priest, St. Antony's Church
Vaduthala, Cochin - 682 023.
& Asst. Director, Navadarsan

25. **Rev. Fr. Lazer Sinto Thaiparambil**
Asst. Parish Priest
St. George's Church
Karthedom, Malipuram - 682 511.

26. **Rev. Fr. Manoj Francis Marottickal**
Asst. Parish Priest, Little Flower Church,
Pottakuzhy, N. Kaloor - 682 017

27. **Rev. Fr. Manuel Kuthukatt**
Parish Priest, Infant Jesus Church
Thundathumkadavu - 683 517.

28. **Rev. Fr. Mathew Jomson Thottunkal**
Priest in Charge
St. Sebastian's Church, Gandhinagar - 682017

29. **Rev. Fr. Merton D'Silva Malieckal**
Asst. Parish Priest, St. Anne's Church,
Thottakattukara, Alwaye - 683 108.

30. **Rev. Fr. Midhun Joseph Chemmayath**
Asst. Parish Priest,
Our Lady of Perpetual Help Church, Valappu,
Ochanthuruth - 682 508.

31. **Rev. Fr. Paul Nidhin Kuttissery**
Asst. Parish Priest, Sacred Heart of Jesus Church
Kothad - 682 027.

32. **Rev. Fr. Raphael Kalluveettil**
Studies

**33. Rev. Fr. Rex Joseph Arakkaparambil**
Studies

**34. Rev. Fr. Rinoy Joy Kalathiparambil**
Asst. Parish Priest
St. Francis Xavier's Church,
Kaloor, Cochin - 682 017.

**35. Rev. Fr. Rockey Joslin Chakkalakkal**
Asst. Parish Priest
St. Mary Magdalene's Church
Moothedom, Maradu - 682 304

**36. Rev. Fr. Roshan Jacob Mulloor**
Asst. Parish Priest, St. James' Church
Cheranellur - 682 034

**37. Rev. Fr. Saju Antony Mundempilly**
Parish Priest,
Our Lady of Velankanny Church
Charianthuruth, Varappuzha - 683 517.

**38. Rev. Fr. Shine Philip Chilangara**
Asst. Director, Lourdes Hospital
Pachalam, Cochin - 682 012.

**39. Rev. Fr. Shinoj Raphael Aranchery**
Asst. Parish Priest
Our Lady of Immaculate Heart of Mary Church
Nettoor, Cochin - 682 040

**40. Rev. Fr. Sibi Varghese Thaiparambil**
Asst. Priest, St. Jude Thaddeus Church
Kidangoor, Yoodhapuram - 683591



**41. Rev. Fr. Smijo George Kalathiparambil**
Asst. Parish Priest, Holy Family Church
Perumpilly, Narakkal - 682 505.

**42. Rev. Fr. Thomas Shobin Kuttikatt**
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

**43. Rev. Fr. Tijo Thomas Kolothumveettil**
Priest in Charge, St. Joseph's Church
Panambukad, Cochin - 682 031.

**44. Rev. Fr. Emmanuel Dixon Rebero O.Carm**
Asst. Parish Priest
Cruz Milagris Church, Kurisinkal,
Ochanthuruth - 682 508.

Ernakulam
12-05-2018

**Chancellor**
Archdiocese of Verapoly

## NOTIFICATION - 9

### FORANE YOUTH DIRECTOR OF COMMISSION FOR YOUTH

**Forane District I**

**Rev. Fr. Antony Hashbin Kadamparambil**
Asst. Parish Priest
St. Francis Assisi Cathedral
Ernakulam, Cochin - 682 031

**Forane District II**

**Rev. Fr. Paul Nidhin Kuttissery**
Asst. Parish Priest
Sacred Heart of Jesus Church
Kothad - 682 027.

**Forane District III**

**Rev. Fr. Rinoy Joy Kalathiparambil**
Asst. Parish Priest, St. Francis Xavier's Church,
Kaloor, Cochin - 682 017.

**Forane District IV**

**Rev. Fr. Shinoj Raphael Aranchery**
Asst. Parish Priest
Our Lady of Immaculate Heart of Mary Church
Nettoor, Cochin-682 040

**Forane District V**

**Rev. Fr. Joseph Antony Palliparambil**
Vice Rector, St. Joseph's Minor Seminary
University P.O., Kalamassery - 682 022.



**Forane District VI**

**Rev. Fr. Sibi Varghese Thaiparambil**
Asst. Priest
St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

**Forane District VII**

**Rev.Fr. Anil Antony Theruvil**
Asst. Parish Priest
St. Philomena's Church &
St. Kuriakose Elias Chavara Shrine
Koonammavu - 683 518

**Forane District VIII**

**Rev. Fr. Lazer Sinto Thaiparambil**
Asst. Parish Priest
St. George's Church
Karthedom, Malipuram P.O- 682 511.

### DISTRICT DIRECTOR OF COMMISSION FOR CATECHETICS

**Forane District I**

**Rev. Fr. Tijo Thomas Kolothumveettil**
Priest in Charge
St. Joseph's Church
Panambukad, Cochin - 682 031.

**Forane District II**

**Rev.Fr. Roshan Jacob Mulloor**
Asst. Parish Priest
St. James Church, Cheranellur 682 034.

**Forane District III**

**Rev. Fr. Gino George Kadungamparambil**
Priest in Charge
St. Antony's Church,
Kakkanad, Athany - 683 585.

**Forane District IV**

**Rev. Fr. George Jobin Ourev**
Special Service
St. Joseph's Church, Cheppanam.

**Forane District V**

**Rev. Fr. Joseph Rajan Kizhavana**
Parish Priest
St. Jude Thaddeus Church
Unichira, Cochin - 682 033.

**Forane District VI**

**Rev. Fr. Jenin Antony Marottiparambil**
Priest in Charge
Our Lady of Health Church, Ponjassery.

**Forane District VII**

**Rev.Fr. Anil Antony Theruvil**
Asst. Parish Priest
St. Philomena's Church &
St. Kuriakose Elias Chavara Shrine
Koonammavu - 683 518

**Forane District VIII**

**Rev. Fr. Sijo George Kurisummootil**
Parish Priest, St. Sebastian's Church
Puthuvaippu - 682 508.



## FORANE DIRECTOR OF B.C.C. DIRECTORATE

**I District**

**Rev. Fr. Antony Lijo Odathakal**
Priest in Charge
St. Antony's Church & St. Joseph's Church
Mulavukad

**II District**

**Rev. Fr. Prasad Jose Kanapilly**
Parish Priest
Our Lady of Perpetual Help Church
Cheranellur - 682 034.

**III District**

**Rev. Fr. Mathew Jomson Thottunkal**
Priest in Charge
St. Sebastian's Church
Gandhinagar - 682017.

**VI[th] District**

**Rev. Fr. Joseph Biju Thattarassery**
Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.

**Rev. Sr. Annie Xavier C.T.C.**
Member, B.C.C. Directorate

Ernakulam
12-05-2018

**Chancellor**
*Archdiocese of Verapoly*

## CASUS
## MAY 2018

By confirmation, the baptized are joined more perfectly to the Church, strengthened, and more strictly obliged to be witness to Christ by word and deed and to spread and defend the faith (Can. 879). By baptism and confirmation, the faithful are deputed to the apostolate (Can. 225, §1).

Those who are confirmed may licitly enter the novitiate of a religious institute (Can. 645, §1), receive holy orders (can. 1033), or marry (Can. 1065, §1), provided all other requirements of law have been met.

Sacrament of baptism, confirmation, and the holy Eucharist are so related to each other that all are required for full Christian initiation (Can. 842, §2). Confirmation is continuation of the journey of Christian initiation (Can. 879). Unless a serious reason stands in the way, an adult who is baptized should be confirmed immediately after baptism and should participate in the Eucharist celebration, also receiving Communion (Can. 866).

The sacrament of confirmation cannot be repeated because it imparts a character. If, after a diligent investigation, a doubt remains whether confirmation was actually or validly conferred, it should be conferred conditionally (Can. 845).

'In the Eastern churches, both Catholic and non-Catholic, the sacrament of confirmation is always conferred immediately after baptism, even of infants. It is enough to establish the fact of baptism to prove that confirmation was also conferred. It often happens that no mention is made of confirmation in the canonical testimony of baptism. This does not give grounds for doubting that this sacrament was also conferred (DE, 145) =Directory for the Application of Principles and norms on Ecumenism, issued by the Pontifical Council for Promoting Christian Unity, March 25, 1993, *AAS* 85(1993) 1039-1119.



**<u>Questions:</u>**

1. What is the nature and effects of Confirmation? (Ref. Can. 879)
2. What are the essential elements of the Sacrament of Confirmation? (Ref. Can. 880)
3. What does the law say regarding the place of Celebration? (Ref. Can. 881)
4. Who are the ministers of Confirmation? (Ref. Cann. 882-884)
5. What is the capacity for receiving the Sacrament of Confirmation? (Ref. Can. 889).
6. Are the faithful obliged to receive the Sacrament of Confirmation? (Ref. Can. 890)
7. What is the age for Confirmation? (Ref. Can. 891; ***Varapuzha Athiroopatha niyamangalum margharekhakalum,*** pp. 82-83).
8. What is the role of Sponsor at Confirmation (Ref. Can. 892)
9. What does the law say regarding the registration and notification of Confirmation? (Ref. Can. 895; ***Varapuzha Athiroopatha niyamangalum margharekhakalum,*** pp. 82-83).
10. Is confirmation now the second or the third sacrament? (Can. 842; *Sacramentum Caritatis*: Post-Synodal Apostolic Exhortation on the Eucharist, Benedict XVI, February 22, 2007, No. 18).
11. Should confirmation be celebrated only during the bishop's pastoral visit? ( Can. 396)
12. Should only the diocesan bishop administer confirmation? (Can. 884)
13. Can the mentally handicapped be confirmed?( Ref. Can. 889).
14. Can a presbyter of the Latin Church confirm an infant of the Eastern Church? (*CCEO*, Can. 696) Confirmation or Chrismation is *licitly* administered by a catholic priest (Latin or Oriental) only to the faithful who belong to his Church *sui juris*

unless he is placed in charge of the care of Catholics of another Church or those in danger of death (*CCEO*, Can. 696, §3).

15. In an inter-ritual marriage, a Latin catholic husband's child is baptized in an oriental wife's parish by her oriental parish priest with the sacraments of initiation (baptism, confirmation and Eucharist). Is it necessary or allowed to repeat the same sacrament of confirmation at Latin catholic man's parish Church by his parish priest?

**CCEO, Can. 696**: §1. All presbyters of the Eastern Churches can validly administer this sacrament either along with baptism or separately to all the Christian faithful of any Church *sui iuris*, including the Latin Church. §2. The Christian faithful of Eastern Churches validly receive this sacrament even from presbyters of the Latin Church, according to the faculties they have. §3. Any presbyter licitly administers this sacrament only to the Christian faithful of his own Church *sui iuris*; but when it is a case of the Christian faithful of other Church *sui iuris*, he acts licitly if they are his subjects, or those whom he licitly baptizes in virtue of another title, or those who are in danger of death, and always with due regard for the agreements entered between Churches *sui iuris* in this matter.

If a Latin priest has the faculty to confirm, he may also validly confirm a Catholic of an Eastern Church *sui iuris*. If Eastern catholic parents have no parish or priest of their own and they attend a Latin church, the Latin priest should get the faculty from the appropriate Eastern hierarch or from the Latin diocesan bishop to confirm the infants of an Eastern family immediately after baptism so that they can be faithful to the observance of their Eastern traditions and discipline. The priest should, however, observe the liturgical rites of the Latin Church, unless he has a bi-ritual faculty (Can. 846, §2). Baptism and confirmation by a Latin priest does not constitute a change of membership from the Eastern Church to the Latin Church.

---

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21